# INTERNATIONAL INDIAN SCHOOL DAMMAM

## FIRST TERM EXAMINATION 2017-2018

**SUBJECT: MALAYALAM** **CLASS: VI**

**TIME: 3 HRS** **MARKS: 80**

1. <u>ബ്രാക്കറ്റിൽ നിന്നും ശരിയായ അക്ഷരം തെരഞ്ഞെടുത്ത് പദം പൂരിപ്പിക്കുക</u> 5X1=5

[ ച, ജ, ജാ, ന്ദ, ഭാ, ണ്ടാ, ബാ, ന്ത ]

a) ച____നത്തെന്നൽ b) നാട്ടു____ഷ c) മി____പ്രാണികൾ

d) യാ____ന e) രാ____ധിപത്യം

2. <u>അർത്ഥം എഴുതുക</u> 5X1=5

a) ആക്രോശിച്ചു b) ബന്ധിക്കുക c) ലോപിക്കുക

d) മൂർത്തി e) പൂർവികർ

3. <u>വിപരീതം എഴുതുക</u> 5X1=5

a) ഉത്തരം b) ശത്രു c) ഗ്രാമീണർ

d) ഭൃത്യൻ e) സാധാരണം

4. <u>പര്യായം എഴുതുക</u> 5X1=5

a) ചിത്തം b) വെള്ളം c) മാൻ

d) ആജ്ഞ e) കോവിൽ

5. <u>നാനാർത്ഥം എഴുതുക</u> 1X1=1

a) മന്ദാരം

6. <u>ചേർത്തെഴുതുക</u> 5X1=5

a) വണങ്ങി + കൊണ്ട് b) നടന്നത് + എല്ലാം c) വെട്ടി + ഇട്ടതായി

d) താലം + ഉയർത്തി e) കളകള + ആരവം

7. <u>പിരിച്ചെഴുതുക</u> 5X1=5

a) മുക്കിയെടുത്തു b) ധന്യമായി c) വാനിന്നേവം

d) പ്രകൃതിയുടെ e) വളരെക്കാലം

8. <u>ഒറ്റപ്പദമാക്കുക</u> 1X1=1

a) കൂട്ടത്തോടെയുള്ള കുരുതി

9. <u>വാക്യത്തിൽ പ്രയോഗിക്കുക</u> **(ANY TWO)** 2X1=2

a) ദാരുണം b) പരസ്പരം c) കളങ്കമറ്റ

10. <u>ബ്രാക്കറ്റിൽ നിന്നും ശരിയായ ഉത്തരം തെരഞ്ഞെടുത്ത് എഴുതുക</u> 6X1=6

a) "നീ വേഗം പൊയ്ക്കൊള്ളൂ നിന്റെ ജീവിതം കളങ്കമറ്റതാണ്" ഇത് ആരുടെ വാക്കുകളാണ്?

[ വഴിപോക്കൻ, ശ്രീബുദ്ധൻ, പരിചാരകൻ ]

b) ജി. ശങ്കരകുറുപ്പിന് ജ്ഞാനപീഠ പുരസ്ക്കാരം ആദ്യമായി ലഭിച്ചത് ഏത് കൃതിക്കാണ്?

[ സൂര്യകാന്തി, ഇളംചുണ്ടുകൾ, ഓടക്കുഴൽ ]

c) വാനിന് അസൂയ വളർത്തുന്ന രീതിയിൽ വാണിരുന്നത് ആരാണ്?

[ ദേവന്മാർ, അസുരന്മാർ, മാവേലി ]

d) ചിങ്ങത്തെളിവു കാണാൻ കണ്ണുതുറന്നത് ആര്?

[ പിച്ചിപ്പൂവ്, നെല്ലിപ്പൂവ്, തുമ്പപ്പൂവ് ]

e) രാജസ്ഥാനിലെ മഹാരാജാവ് ആരായിരുന്നു?

[ അജിത് സിംഗ്, ഗിർധാരിദാസ്, കിരൺദാസ് ]

f) സാമൂതിരിയും കോലത്തിരിയും എവിടുത്തെ രാജാക്കന്മാരായിരുന്നു?

[ കൊച്ചി, ദക്ഷിണകേരളം, ഉത്തരകേരളം ]

11. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരം എഴുതുക 4X2=8

a) ശ്രീബുദ്ധൻ മാനിനെ കെട്ടഴിച്ചുവിട്ടതെന്തിന്?

b) സാമൂതിരി കോലത്തിരിക്ക് കൊടുത്തയച്ച സമ്മാനം എന്തായിരുന്നു?

c) കേരളനാട്ടിൽ ചിത്തം എങ്ങനെയാണ് നൃത്തം ചെയ്യുന്നത്?

d) ഗിർധാരിദാസ് എന്തിനാണ് ഖേജ്ദാലിയിൽ എത്തിയത്?

12. രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരം എഴുതുക 2X3=6

a) ശ്രീബുദ്ധന്റെ കാൽക്കൽ അമ്പും വില്ലും വച്ചുകൊണ്ട് രാജകുമാരൻ എന്ത് സത്യപ്രതിജ്ഞയാണ് ചെയ്തത്?

b) തനിക്ക് അമളി പറ്റാതിരിക്കാൻ കോലത്തിരി ചെയ്തത് എന്ത്? അതിന്റെ ഫലം എന്തായിരുന്നു?

13. ഏതെങ്കിലും ഒരു ചോദ്യത്തിന് ഉത്തരം എഴുതുക 1X5=5

a) പ്രപഞ്ചജീവിതം ധന്യമാകുന്നത് എപ്പോൾ?

OR

b) കോലത്തിരി സാമൂതിരിയോട് പ്രതികാരം ചെയ്തതെങ്ങനെ?

14. പദ്യം പൂരിപ്പിക്കുക (6 LINES) 6

നെല്ലിൻ തോളിലാ ____________________________
____________________ ചാലേ നിരന്നു.

15. ഖണ്ഡിക തയ്യാറാക്കുക 5

അച്ചടക്കം

16. <u>താഴെ കൊടുത്തിരിക്കുന്ന ഗദ്യഭാഗം വായിച്ച് ഉത്തരം എഴുതുക</u>

കേരളത്തിൽ മൊത്തം നാൽപ്പത്തിനാല് നദികളുണ്ട്. പ്രധാനപ്പെട്ട നദികൾ പെരിയാർ, ഭാരതപ്പുഴ, പമ്പയാർ, ചാലിയാർ, വളപട്ടണംപുഴ, ചാലക്കുടിപുഴ തുടങ്ങിയവയാണ്. ഇന്ന് വനനാശവും കൃഷിനികത്തലും ജലത്തിന്റെ അളവു-കുറയുന്നതും കാരണം നദികളെല്ലാം ഇല്ലാതാകുന്നു, നമ്മൾ പ്രകൃതിയെ മറന്നുകൊണ്ട് വികസനത്തിന്റെ പുറകെ പോയതിനാൽ നദികളെല്ലാം അമിത ചൂഷണത്തിനിരയാകുന്നു. "മാലിന്യങ്ങൾ സംസ്കരിച്ച ശേഷമേ നദിയിലേയ്ക്ക് തള്ളാവൂ" എന്നനിയമം കർക്കശമായി നാം പാലിക്കണം. ഭാഷയേയും സംസ്കാരത്തേയും ചരിത്രത്തേയും സ്വാധീനിച്ചൊഴുകുന്ന നദികൾ നമ്മുടെ നാടിന്റെ സമ്പത്താണെന്ന തിരിച്ചറിവ് മനുഷ്യനുണ്ടാകണം.

a) ഏതു നിയമമാണ് കർക്കശമായി നാം പാലിക്കേണ്ടത് ? 1

b) കേരളത്തിൽ മൊത്തം എത്ര നദികളുണ്ട് ? 1

c) എന്തിനെ മറന്നുകൊണ്ടാണ് വികസനത്തിന്റെ പുറകെപോയത് ? 1

d) നദികൾ ഇല്ലാതാകുന്നതിനുള്ള കാരണങ്ങൾ എന്തെല്ലാം ? 2

e) കേരളത്തിലെ പ്രധാനപ്പെട്ട നദികൾ ഏതെല്ലാം ? 2

f) എന്ത് തിരിച്ചറിവാണ് മനുഷ്യനുണ്ടാകേണ്ടത് ? 3

**//BEST OF LUCK//**